## കൃഷ്ണ കൃഷ്ണ  മഹാഭാഗ ഭക്താനാമഭയംകര !
## ത്വമേകോ ദഹ്യമാനാനാമപവർഗ്ഗോസി സംസൃതേ: (1–7–22)

സൂതൻ പറഞ്ഞു:
നാരദമുനി പോയതിനുശേഷം വ്യാസൻ ഭഗവാനെധ്യാനിച്ച്  തൻെറ കുടിലിൽ കഴിഞ്ഞുപോന്നു. മനുഷ്യൻെറ ദു:ഖകാരണമായ ആത്മീയാന്ധതക്കുള്ള ഏക മറുമരുന്ന് കൃഷ്ണപ്രേമമാണെന്നു മനസ്സിലാക്കി അദ്ദേഹം ഭാഗവതം എഴുതി. ഭാഗവതം വായിക്കുന്നവരുടെ ഉള്ളിൽ കൃഷ്ണഭക്തിയും പ്രേമവും നിറയുന്നു. ഈ ഭഗവൽപ്രേമം എല്ലാവിധ ഭയാശങ്കകളേയും ദൂരീകരിക്കുന്നു. കൃഷ്ണഭഗവാൻ പരമാത്മാവും അദ്വൈതസത്തതന്നെയാണെന്നും അറിയാവുന്ന ശുകമുനിയും മറ്റനേകം ഋഷിവര്യന്മാരും ഭാഗവതം കേട്ടാനന്ദിക്കുന്നു. വ്യാസഭഗവാൻ രചിച്ച ഭാഗവതം ശുകമുനിയും മറ്റുമുനിമാരും രചയിതാവിൽനിന്നും നേരിട്ടുകേട്ടാസ്വദിച്ചു. ശുകമുനി പരീക്ഷിത്ത് രാജാവിനായി ഭാഗവതം എങ്ങിനെ വ്യാഖ്യാനിച്ചു എന്ന് ഇനി പറഞ്ഞു തരാം.

മഹാഭാരതയുദ്ധംകഴിഞ്ഞു. ദുര്യോധനൻ രണഭൂമിയിൽ മരണപ്രായനായിക്കിടക്കുന്നു. അദ്ദേഹത്തിൻെറ സുഹൃത്ത് ബ്രാഹ്മണനായ അശ്വത്ഥാമാവ് പാണ്ഡവപുത്രന്മാരെ ഉറക്കത്തിൽ വധിച്ച് അവരുടെതലകൾ ദുര്യോധനന് മരണത്തിന്മുൻപേ സമ്മാനിച്ചു. കോപിഷ്ടനായ അർജുനൻ അശ്വത്ഥാമാവിനെ വധിക്കാൻ പുറപ്പെട്ടു. എല്ലാമാർഗ്ഗങ്ങളുംമുട്ടിയ അശ്വത്ഥാമാവട്ടെ ബ്രഹ്മാസ്ത്രംതന്നെ പ്രയോഗിച്ചു. ഭയചകിതനായി അർജുനൻ ശ്രീകൃഷ്ണനോട് പ്രാർത്ഥിച്ചു. “അല്ലയോ കൃഷ്ണാ, അങ്ങ് ഭക്തരുടെ ഭയംനീക്കുന്നയാളാണ്. ലോകത്തിൽ യാതനയുംമരണവും പാപവുംദുഖവും സഹിക്കുന്നവർക്കുള്ള ഏകാശ്രയവും നീയത്രെ. ലോകത്തിൻെറ നന്മയ്ക്കായി ഭക്തജനങ്ങളുടെ നിത്യധ്യാനത്തിനു നിദാനമായ പലേഅവതാരങ്ങളും നീയെടുത്തിട്ടുണ്ട്. ഭഗവാനെ, ഇപ്പോളെൻെറചുറ്റിലും കത്തിയാളുന്ന ഈ തീയെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല.” കൃഷ്ണൻ ബ്രഹ്മാസ്ത്രത്തിൻെറ തീവ്രതയെപ്പറ്റി അർജുനനെ പറഞ്ഞുമനസ്സിലാക്കി മറ്റൊരു ബ്രഹ്മാസ്ത്രം അർജുനനു നൽകി. രണ്ടുശരങ്ങളും കൂട്ടിമുട്ടി വലിയൊരുതീപ്രളയംതന്നെ ഉണ്ടാവുകയും ഭൂമിമുഴുവൻ ദഹിക്കുമാറാവുകയും ചെയ്തു. അനന്തരം കരുണാമയനായ ഭഗവാൻെറ നിർദ്ദേശപ്രകാരം അർജുനൻ അസ്ത്രങ്ങളെ നിർവീര്യമാക്കി.

അശ്വത്ഥാമാവ് അർജുനൻെറ കാരാഗ്രഹത്തിലായി. ധർമ്മപരിപാലനശീലത്തിൻെറ ആഴമളക്കാനായി അശ്വത്ഥാമാവിനെവധിക്കാൻ കൃഷ്ണൻ അർജുനനെ പ്രേരിപ്പിച്ചു. “മാന്യനായ ഒരാൾ ആയുധ മില്ലാത്തവനേയൊ ഉറങ്ങികിടക്കുന്നവനേയൊ കുട്ടികളേയോ അവർ ശത്രുക്കളായാൽകൂടി കൊല്ലുകയില്ല. എന്നാൽ അശ്വത്ഥാമാവതുചെയ്തു. ഇതുപോലുള്ളദുഷ്ടരെ കൊല്ലുന്നതാണ് ധർമ്മം. അല്ലെങ്കിൽ അവർ ഈദൃശപ്രവൃത്തികൾ തുടർന്നുകൊണ്ടേയിരിക്കും.” എങ്കിലും അർജുനൻ അയാളെ കൊന്നില്ല. പാണ്ഡവരുടെ കേന്ദ്രത്തിൽ അശ്വത്ഥാമാവിനുള്ളശിക്ഷകൾ പലരും ചർച്ച ചെയ്തു. ചിലർ വധശിക്ഷയെ അനുകൂലിച്ചു. മറ്റുചിലർ എതിർക്കുകയുംചെയ്തു. സ്വപുത്രന്മാർ കൊലചെയ്യപ്പെട്ടെങ്കിലും ദ്രൌപദിയാണ് ഏറ്റവും സംയമവും ദയയും പ്രകടിപ്പിച്ചത്. “അശ്വത്ഥാമാവ് ഒരുബ്രാഹ്മണനും പാണ്ഡവഗുരുവായ ദ്രോണാചാര്യരുടെ പുത്രനുമാണ്. മാത്രമല്ല, യുദ്ധമവസാനിച്ചു സമാധാനംകൈവന്ന ഈ അവസരത്തിൽ വധം ശരിയല്ല. അശ്വത്ഥാമാവ് ഗുരുദ്രോണാചാര്യരുടെ പുത്രനാകയാൽ ഗുരുവിൻെറയംശം അവനിലുമുണ്ടല്ലൊ. അവൻെറ അമ്മയെങ്കിലും പുത്രശോകത്താൽ എന്നെപ്പോലെ കരയാൻ ഇടവരാതിരിക്കട്ടെ.” ഭീമന് അശ്വത്ഥാമാവിനെ വധിക്കണമെന്നുതന്നെയായിരുന്നു. പിന്നീട് കൃഷ്ണൻ പറഞ്ഞു. “ബ്രാഹ്മണനാകയാൽ അവനെ വധിക്കേണ്ടതില്ല. എന്നാൽ മഹാപാതകം ചെയ്തയാളെന്ന നിലയിൽ വധശിക്ഷക്കർഹനാണയാൾ. ദ്രൌപദിക്കും ഭീമനും സമ്മതമാവുന്ന ശിക്ഷവേണം ഇവനുനൽകാൻ. എന്താണുവേണ്ടതെന്നുവെച്ചാൽ ചെയ്യുക.” അർജുനന് ഭഗവാൻെറ ഉദ്ദേശം മനസ്സിലായി. അർജുനൻ അശ്വത്ഥാമാവിൻെറശിരസ്സിലെ ബ്രാഹ്മണശിഖമുറിച്ചു കളഞ്ഞിട്ട് അയാളെ വെറുതെവിട്ടു. ഇത് വധശിക്ഷക്കുതുല്യമാണല്ലൊ.